പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2832

20.06.13 ൽ - മറുപടിക്ക്

## ഒരു രൂപ നിരക്കിൽ ലഭിക്കുന്ന അരിയുടെ അളവ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഇ.പി. ജയരാജൻ: | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | കേരളത്തിലെ ആകെ റേഷൻകാർഡുടമകൾ എത്രയാണ് ; | (എ) | കേരളത്തിൽ 80,86,763 റേഷൻകാർഡുകൾ ഉണ്ട്. |
| (ബി) | ഇതിൽ ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നവർ എത്രയാണ് ; | (ബി) | ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട 14,60,631 റേഷൻകാർഡുകൾ നിലവിലുണ്ട്. |
| (സി) | ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നവർക്ക് കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ പ്രതിമാസം കാർഡൊന്നിന് എത്ര കിലോഗ്രാം അരിയാണ് നൽകിവരുന്നത്; | (സി) | ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവർക്ക് കിലോഗ്രാമിന് 1 രൂപ നിരക്കിൽ കാർഡൊന്നിന് പ്രതിമാസം 25 കി.ഗ്രാം അരിയാണ് നൽകുന്നത്. |
| (ഡി) | ഈ ഇനത്തിൽ ഒരു കിലോഗ്രാം അരിക്ക് എത്ര തുകയാണ് സബ്സിഡിയായി സംസ്ഥാന ഗവൺമെന്റ് നൽകേണ്ടി വരുന്നത് ; | (ഡി) | ഈ ഇനത്തിൽ കിലോഗ്രാമിന് 5 രൂപ 20 പൈസയാണ് സബ്സിഡി ആയി സംസ്ഥാന സർക്കാർ നൽകി വരുന്നത്. |
| (ഇ) | കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ നൽകുന്ന അരിക്ക് കേന്ദ്ര ഗവൺമെന്റ് സബ്സിഡി ലഭിക്കുന്നുണ്ടോ ; | (ഇ) | കിലോഗ്രാമിന് 1 രൂപ നിരക്കിൽ നൽകുന്ന അരിയ്ക്ക് കേന്ദ്രസബ്സിഡി ലഭിക്കുന്നുണ്ട്. |
| (എഫ്) | ഒരു കിലോഗ്രാമിന് കേന്ദ്രസബ്സിഡി എത്രയാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എഫ്) | കേന്ദ്രസർക്കാർ ബി.പി.എൽ. വിഭാഗത്തിൽ 1 കിലോ അരി 5.65 രൂപ നിരക്കിലാണ് അനുവദിക്കുന്നത്. എഫ്.സി.ഐ.യിൽ നിന്നും ലഭിച്ച വിവരം അനുസരിച്ച് എ-ഗ്രേഡ് അരിക്ക് നിലവിൽ 27.51 രൂപയും, കോമൺ അരിയ്ക്ക് 26.96 രൂപയുമാണ് ഇക്കണോമിക് വിലയായി നിശ്ചയിച്ചിട്ടുള്ളത്. അപ്രകാരം ബി.പി.എൽ. എ-ഗ്രേഡ് അരിയ്ക്ക് 21.87 രൂപയും കോമൺ അരിയ്ക്ക് 21.32 രൂപയും കേന്ദ്രസർക്കാർ സബ്സീഡിയായി നൽകുന്നതായി കണക്കാക്കാം. |
| (ജി) | പ്രതിമാസം ഈ ആവശ്യത്തിനായി എത്ര ടൺ അരി സംസ്ഥാനത്തിനു വേണ്ടി വരുന്നുവെന്നും കേന്ദ്രഗവൺമെന്റ് എത്ര ടൺ അരി ഈ ആവശ്യത്തിനായി നൽകുന്നുവെന്നും വ്യക്തമാക്കുമോ ; | (ജി) | പ്രതിമാസം ബി.പി.എൽ. റേഷൻ കാർഡുടമകൾക്ക് നൽകുവാനായി 36,515 മെ.ടൺ അരി സംസ്ഥാനത്തിന് വേണ്ടി വരുന്നു. 26,566 മെ.ടൺ അരിയാണ് കേന്ദ്രസർക്കാർ നൽകുന്നത്. കൂടാതെ, ബി.പി.എൽ. അധിക വിഹിതം ചില സന്ദർഭങ്ങളിൽ ലഭിക്കാറുണ്ട്. |
| (എച്ച്) | സംസ്ഥാനത്തെ ദരിദ്ര ജനവിഭാഗങ്ങൾക്ക് വിതരണം ചെയ്യുവാൻ സൗജന്യമായി എത്ര ടൺ അരി കേന്ദ്രവിഹിതമായി ലഭിക്കുന്നുണ്ട് ? | (എച്ച്) | സംസ്ഥാനത്തെ ദരിദ്ര ജനവിഭാഗങ്ങൾക്ക് വിതരണം ചെയ്യുവാനായി ഈ സാമ്പത്തിക വർഷത്തിൽ സൗജന്യമായി അരി കേന്ദ്ര വിഹിതമായി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ